ഉത്തരം

(എ) ഉപ്പുപാറ, പുല്ലുമേട് തുടങ്ങിയ പ്രദേശങ്ങൾ പെരിയാർ കടുവാസങ്കേതത്തിന്റെ ഭാഗമായി വനംവകുപ്പിന്റെ അധീനതയിലുള്ളവയാണ്. അവിടെ ഇടത്താവള സൗകര്യമേർപ്പെടുത്തുവാൻ ദേവസ്വം ബോർഡിന് അനുവാദമില്ല. മകരവിളക്കുകാലത്ത് തീർത്ഥാടകരുടെ സുരക്ഷയും സൗകര്യങ്ങളും വന പ്രദേശങ്ങളിലുൾപ്പെടെ ഉറപ്പാക്കാൻ എന്തൊക്കെ ചെയ്യാനാകുമെന്ന കാര്യങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ശബരിമല തീർത്ഥാടകർക്ക് സൗകര്യം ഒരുക്കുന്നതിലേക്ക് വന ഭൂമി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് ദേവസ്വം ബോർഡ് നൽകിയിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ ശബരിമല തീർത്ഥാടകർക്കുവേണ്ടി അടിസ്ഥാന സൗകര്യങ്ങൾ

227 (T1697) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ ശബരിമല തീർത്ഥാടകർക്കുവേണ്ടി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കിയിരുന്നത് ; വിശദീകരിക്കുമോ ;

(ബി) ഏതൊക്കെ ഉദ്യോഗസ്ഥരാണ് ഇതിന് മേൽനോട്ടം വഹിച്ചിരുന്നത് ;

(സി) സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി വിവിധ വകുപ്പുകളുടെ ഏകോപന സമിതിയോഗങ്ങൾ കൂടിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ പെരിയാർ കടുവാ സങ്കേതത്തിനുകീഴിലുള്ള കാനനപാതകളിൽ സ്വാമി അയ്യപ്പ പുങ്കാവന പുനരുദ്ധാരണ (SAPP) ഇക്കോ ഡെവലപ്പമെന്റ് കമ്മിറ്റികൾമുഖേന തീർത്ഥാടകർക്ക് ശുദ്ധജലം, വിരിവയ്ക്കുവാനുള്ള സൗകര്യം, മിതമായ നിരക്കിൽ ഭക്ഷണങ്ങൾ, പാനീയങ്ങൾ, പ്രാഥമിക കൃത്യങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഫയർ ലൈൻ എടുത്തും കൺട്രോൾഡ് ബേർണിംഗ് നടത്തിയും, വാച്ചർമാരെവച്ചും കാട്ടുതീയിൽ നിന്നും, വന്യമൃഗങ്ങളിൽ നിന്നും അയ്യപ്പ ഭക്തർക്ക് സുരക്ഷയും യഥാസമയം കാനനപാതകളുടെ അറ്റകുറ്റപ്പണികൾ നടത്തിയും വഴിയിൽ അപകടകരമായി നിൽക്കുന്നതും വീണുകിടക്കുന്നതുമായ മരങ്ങൾ വെട്ടിനീക്കിയും സുരക്ഷ ഉറപ്പ് വരുത്തിയിരുന്നു. കൂടാതെ വനത്തിൽ തീർത്ഥാടകർക്ക് ആവശ്യഘട്ടങ്ങളിൽ വൈദ്യസഹായം എത്തിക്കുന്നതിന് ആരോഗ്യ വകുപ്പിനും പോലീസ് വകുപ്പിനും വനംവകുപ്പ് അനുമതി നൽകിയിരുന്നു. തിരക്ക് നിയന്ത്രിക്കുന്നതിനും വാഹനഗതാഗതം നിയന്ത്രിക്കുന്നതിനും പ്രത്യേക ബന്തബസ്സ് സ്കീം തയ്യാറാക്കി പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കാറുണ്ട്. ജില്ലാഭരണകൂടത്തിന്റെകീഴിൽ വിവിധ വകുപ്പുകളെയും മത സാമൂഹിക-സാമുദായിക സംഘടനകൾ, വ്യാപാരി വ്യവസായികൾ എന്നിവരുടെ യോഗം വിളിച്ചുചേർക്കാറുണ്ട്. കുമളി, വണ്ടിപ്പെരിയാർ, പീരുമേട്

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങിയ പ്രദേശങ്ങളിൽ ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തുകയും റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ കച്ചവട സ്ഥാപനങ്ങളിലെ വിലനിലവാരവും ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരവും പരിശോധിക്കുകയും റോഡുകളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കാനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഇടുക്കി ജില്ലാ കളക്ടർ, ഇടുക്കി എസ്.പി, കട്ടപ്പന ഡി.വൈ. എസ്.പി., ദേവികുളം സബ്കളക്ടർ, ഇടുക്കി ആർ.ഡി.ഒ., പീരുമേട് തഹസീൽദാർ, പെരിയാർ വെസ്റ്റ് ഡിവിഷൻ ഫോറസ്റ്റ് ഡെപ്യൂട്ടി ഡയറക്ടർ, അഴുത, പമ്പ റേഞ്ചോഫീസർമാർ എന്നിവരാണ് മേൽനോട്ടം വഹിച്ചിരുന്നത്.

(സി) ഇടുക്കി ജില്ലയിൽ ഇടുക്കി ആർ.ഡി.ഒ.-യുടെ അദ്ധ്യക്ഷതയിൽ 12-11-2010-ന് തേക്കടിയിൽവച്ച് ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ദേവസ്വം ബോർഡ്, പോലീസ്, ഫോറസ്റ്റ്, ആരോഗ്യം, വാട്ടർ അതോറിറ്റി, പഞ്ചായത്ത്, കെ.എസ്.ഇ.ബി., വ്യാപാരി വ്യവസായി ഏകോപന സമിതിയിൽ വാട്ടർ സപ്ലൈസ്, അയ്യപ്പസേവാസംഘം, പി.ഡബ്ല്യൂ.ഡി, കെ.എസ്.ആർ.ടി.സി, ലീഗൽ മെട്രോളജി, എക്സൈസ്, തുടങ്ങിയവയിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയിരുന്നു. കൂടാതെ, സംസ്ഥാന തലത്തിൽ ബഹു. മുഖ്യമന്ത്രിയുടെയും ദേവസ്വം വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഉന്നതതല അവലോകന യോഗങ്ങൾ കൂടിയിട്ടുള്ളതാണ്.

ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് കേന്ദ്രാനുമതി

228 (1698) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല മാസ്റ്റർപ്ലാൻ നടപ്പാക്കുന്നതിലേക്ക് എത്ര വനഭൂമി വിട്ടുതരാനാണ് കേന്ദ്രാനുമതി ലഭിച്ചത് ;

(ബി) എന്നാണ് കേന്ദ്രാനുമതി ലഭിച്ചത് ;

(സി) നാളിതുവരെ ശബരിമല മാസ്റ്റർപ്ലാൻ ആരംഭിക്കാത്തതുകൊണ്ട് കേന്ദ്രാനുമതി പിൻവലിക്കുവാൻ ഉദ്ദേശിക്കുന്നതായി കേന്ദ്ര സർക്കാർ അറിയിച്ചിരുന്നോ ;

(ഡി) എങ്കിൽ എന്നാണ് അറിയിച്ചത് ;

(ഇ) ശബരിമല മാസ്റ്റർപ്ലാൻ ആരംഭിക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ എന്തെല്ലാം ;

(എഫ്) ഈ ബുദ്ധിമുട്ടുകൾ തരണം ചെയ്യുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly